ചാക്കുകളുടെ ഭാരം

212 (913) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 100 കിലോഗ്രാം, 75 കിലോഗ്രാം ഭാരമുള്ള ചാക്കുകൾ പുരുഷനും സ്ത്രീയും കൊണ്ട് പുരുഷ തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാക്കുകളുടെ ഭാരം 50 കിലോഗ്രാം ആക്കി നിജപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ,വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 16-9-2015 തീയതിയിലെ സ.ഉ.(കൈ) 134/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള (എസ്.ആർ.ഒ. നമ്പർ 610/2015) വിജ്ഞാപനത്തിൽ 1961-ലെ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് റൂൾസ് 6 (എ)-ൽ ചുമട്ട് തൊഴിലാളികൾ തലച്ചുമടായി എടുക്കാവുന്ന ഭാരം 75 കിലോഗ്രാം എന്നത് 55 കിലോഗ്രം ആക്കി ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കേരള ചുമട്ടുതൊഴിലാളി നിയമത്തിൽ ഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

വേതന സുരക്ഷ പദ്ധതി

213 (914) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേതന സുരക്ഷ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അസംഘടിത മേഖല ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും വേതനം ബാങ്ക് വഴി നൽകുന്നതിനുമാണ് "വേതന സുരക്ഷാ പദ്ധതി" നടപ്പാക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പൈലറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. ഇതിലൂടെ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കൃത്യം വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും കഴിയും. ഇതുവരെ 580 സ്ഥാപനങ്ങൾ ഈ പദ്ധതിയുടെ പരിധിയിൽ വന്നിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 20 കോടിയോളം രൂപ 'വേതന സുരക്ഷതാ പദ്ധതി' മുഖേന ഇതിനകം കൈമാറിക്കഴിഞ്ഞിട്ടുണ്ട്.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1958-ലെ കേരള വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം 8-7-2015-ലെ സ.ഉ.(അച്ചടി) നമ്പർ.84/2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്വെയർ റിക്രസിപ്പിക്കുകയും നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തി 18 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

ശരണ്യ തൊഴിൽ പദ്ധതി

214 (915) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശരണ്യ തൊഴിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയുടെ ഉപഭോക്താക്കൾ ആരെല്ലാമാണ്; ഇതിൻ പ്രകാരം ഏതെല്ലാം കാര്യങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭർത്താവ് മരണപ്പെടുന്നതോടുകൂടി അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ വിവാഹബന്ധം വേർപെടുത്തുകയോ ഭർത്താവ് ശയ്യാവലംബരോ നിത്യരോഗിയാവുകയോ ചെയ്യുന്നതോടുകൂടി മക്കളെയും വൃദ്ധരായ മാതാപിതാക്കളെയും സംരക്ഷിക്കേണ്ടിവരുന്ന അശരണരും സാമ്പത്തികവും

LIBRARY ARCHIVES Kerala Legislative Assembly